# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം.

*(റവന്യൂ കോംപ്ലക്സ്,പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)*
*(ഹാജർ : ശ്രീ. എ.റ്റി. ജയിംസ് , ഐ.എ.എസ്.)*

നം. എൽ.ആർ ഇ 4- 38397/18 തീയതി : 6/9/2018.

വിഷയം : ജീവനക്കാര്യം- ശ്രീമതി. ആർ. വിജയാനന്ദം സീനിയർ ക്ലാർക്കിന്റെ നിരീക്ഷണകാലം ദീർഘിപ്പിച്ചും നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ചും ഉത്തരവാകുന്നു.

പരാമർശം :
1) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 2/8/18 ലെ എസ്.15 -12971/8 -ാം നമ്പർ പ്രൊപ്പോസൽ
2) സർക്കാർ കത്ത് നം. 33532/റ്റി3/12/ആർ.ഡി. തീയതി 18/6/12.
3) ഈ കാര്യാലയത്തിലെ 7/6/07-ലെ എൽ.ആർ. ഇ4-4444/07 -ാം നമ്പർ നടപടിക്രമം.

തിരുവനന്തപുരം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിലെ സീനിയർക്ലാർക്ക്/എസ്.വി.ഒ. ശ്രീമതി. ആർ. വിജയാനന്ദം ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടെന്നും ടിയാളുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്ന് ശുപാർശ ചെയ്ത് ആവശ്യമായ വിവരങ്ങൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി പരാമർശം ഒന്ന് പ്രകാരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്.

ഈ കാര്യാലയത്തിലെ പരാമർശം മൂന്ന് നടപടിക്രമം പ്രകാരം ശ്രീമതി. ആർ. വിജയാനന്ദത്തിനെ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി സീനിയർ ക്ലാർക്കായി നിയമിച്ച് ഉത്തരവായിട്ടുള്ളതനുസരിച്ച് ടിയാൾ 11-6-07 ൽ പൂർവ്വാഹ്നത്തിൽ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. പ്രവേശന തസ്തികകൾ അല്ലാത്ത തസ്തികകളിൽ തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിലെ ഒരു വർഷം ആണ് നിരീക്ഷണകാലം. അതുപ്രകാരം 11-6-07 -ൽ ആരംഭിക്കുന്ന നിരീക്ഷണ കാലയളവിനുള്ളിൽ ടിയാൾ 12 ദിവസത്തെ അർദ്ധവേതനാവധി വിനിയോഗിച്ചിട്ടുള്ളതിനാൽ ടിയാളുടെ നിരീക്ഷണകാലം പൂർത്തിയാകുന്നത് 22-6-08 ന് ആണ്. എന്നാൽ നിരീക്ഷണ കാലയളവിനുള്ളിൽ ടിയാൾ പാസ്സാകേണ്ട ചെയിൻ സർവ്വെ പരീക്ഷ 3-11-08 ൽ പാസ്സായിട്ടുള്ളതായി സർവ്വെ ഡയറക്ടർ 18-05-09 ൽ പ്രസിദ്ധീകരിച്ച പരീക്ഷാ ഫലം പരിശോധിച്ചതിൽ കാണുന്നു.

പരാമർശം രണ്ട് സർക്കാർ നിർദ്ദേശം പ്രകാരം നിരീക്ഷണകാലയളവിനുള്ളിൽ ചെയിൻ സർവ്വെ പരീക്ഷ വിജയിച്ചിട്ടില്ലെങ്കിൽ യുഡി.സി. തസ്തികയിലേക്ക് തസ്തികമാറ്റം ലഭിച്ച യു.ഡി. ടൈപ്പിസ്റ്റുകൾക്ക് യു.ഡി. തസ്തികയിലെ സേവനം ആരംഭിച്ച് നിരീക്ഷണകാലം പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 21 പ്രകാരം നിയമനാധികാരിയുടെ അധികാരം വിനിയോഗിച്ച് നിരീക്ഷണകാലയളവ് ദീർഘിപ്പിക്കുന്നതിന് വ്യവസ്ഥയുള്ളതിനാൽ ശ്രീമതി. ആർ. വിജയാനന്ദം ചെയിൻ സർവ്വെ ടെസ്റ്റ് എഴുതിയ 3-11-08 ൽ യോഗ്യത നേടിയതായി കണക്കാക്കി ടിയാൾ യു.ഡി.സി. /എസ്.വി.ഒ. തസ്തികയിൽ ഒരു വർഷം സേവനം പൂർത്തിയാക്കിയതിന്റെ അടുത്ത ദിവസമായ 23-06-08 മുതൽ 5-11-08 വരെ നിരീക്ഷണകാലം ദീർഘിപ്പിച്ചും KS & SSR പാർട്ട് രണ്ട് ചട്ടം 20 പ്രകാരം 4-11-08 പ്രാബല്യത്തിൽ ടിയാളുടെ യു.ഡി.സി. /എസ്.വി.ഒ. തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയായതായി പ്രഖ്യാപിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീമതി. ആർ. വിജയാനന്ദം യു.ഡി.സി. /എസ്.വി.ഒ. യുടെ സേവന പുസ്തകത്തിൽ ടിയാളുടെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച വിവരം രേഖപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

കമ്മീഷണർ

കക്ഷിയ്ക്ക് (ജില്ലാ കളക്ടർ മുഖേന).

പകർപ്പ് :-

1) ജില്ലാ കളക്ടർ, തിരുവനന്തപുരം
2) കമ്മീഷണർ/ജോയിന്റ് കമ്മീഷണർമാരുടെ സി.എ. മാർക്ക്
3) അസിസ്റ്റന്റ് കമ്മീഷണർ സീനിയോറിറ്റി സെൽ, (ആർ.ഇ.)
4) എൽ.ആർ. ഇ.-7 സീറ്റ്.
5) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്

റ്റി 2- 11/9/2018

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം.

*(റവന്യൂ കോംപ്ലക്സ്,പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)*
*(ഹാജർ : ശ്രീ. എ.റ്റി. ജയിംസ് , ഐ.എ.എസ്.)*

നം. എൽ.ആർ ഇ 4- 38569/18 തീയതി : 17/9/2018.

വിഷയം : ജീവനക്കാര്യം- ശ്രീ. ടി.ഡി. കണ്ണപ്പൻ സീനിയർ ക്ലാർക്കിന്റെ നിരീക്ഷണകാലം ദീർഘിപ്പിച്ചും നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ചും ഉത്തരവാകുന്നു.

പരാമർശം : 1) എണാകുളം ജില്ലാ കളക്ടറുടെ 2/8/18 ലെ DCEKM/ 9552/ 18/ E 6 നമ്പർ പ്രൊപ്പോസൽ
2) ഈ കാര്യാലയത്തിലെ 3/2/17-ലെ എൽ.ആർ. ഇ4-4444/07 -ാം നമ്പർ നടപടിക്രമം.
3) സർക്കാർ കത്ത് നം. 33532/റ്റി3/12/ആർ.ഡി. തീയതി 18/6/12.

എറണാകുളം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിലെ സീനിയർക്ലാർക്ക്/എസ്.വി.ഒ. ശ്രീ. ടി.ഡി. കണ്ണപ്പൻ ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടെന്നും ടിയാന്റെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കണമെന്ന് ശുപാർശ ചെയ്ത് ആവശ്യമായ വിവരങ്ങൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി പരാമർശം ഒന്ന് പ്രകാരം ജില്ലാ കളക്ടർ എറണാകുളം സമർപ്പിച്ചിട്ടുണ്ട്.

ഈ കാര്യാലയത്തിലെ പരാമർശം രണ്ട് നടപടിക്രമം പ്രകാരം ശ്രീ. ടി.ഡി. കണ്ണപ്പൻ യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി സീനിയർ ക്ലാർക്കായി നിയമിച്ച് ഉത്തരവായിട്ടുള്ളതനുസരിച്ച് ടിയാൾ 20/02/07 ൽ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. പ്രവേശന തസ്തികകൾ അല്ലാത്ത തസ്തികകളിൽ തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിലെ ഒരു വർഷം നിരീക്ഷണകാലമായി നിശ്ചയിച്ചിട്ടുള്ളത് പ്രകാരം 20-2-07 മുതൽ 19-2-08 വരെയാണ് ടിയാന്റെ നിരീക്ഷണകാലം. എന്നാൽ ഈ കാലയളവിനുള്ളിൽ ടിയാൾ വിജയിക്കേണ്ട ചെയിൻ സർവ്വെ പരീക്ഷ 1-3-08 ൽ മാത്രമേ വിജയിച്ചിട്ടുള്ളൂ എന്ന് സർവ്വെ ഡയറക്ടർ 16-05-08 ൽ പ്രസിദ്ധീകരിച്ച പരീക്ഷാ ഫലം പരിശോധിച്ചതിൽ കാണുന്നു.

പരാമർശം മൂന്ന് സർക്കാർ നിർദ്ദേശം പ്രകാരം നിരീക്ഷണകാലയളവിനുള്ളിൽ ചെയിൻ സർവ്വെ പരീക്ഷ വിജയിച്ചിട്ടില്ലെങ്കിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം ലഭിച്ചവർക്ക് ടി തസ്തികയിലെ സേവനം ആരംഭിച്ച് നിരീക്ഷണകാലം

പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 21 പ്രകാരം നിയമനാധികാരിയുടെ അധികാരം വിനിയോഗിച്ച് നിരീക്ഷണകാലയളവ് ദീർഘിപ്പിക്കുന്നതിന് വ്യവസ്ഥയുള്ളതിനാൽ ശ്രീ. ടി.ഡി. കണ്ണപ്പൻ ചെയിൻ സർവ്വെ ടെസ്റ്റ് എഴുതിയ 1-3-08 ൽ യോഗ്യത നേടിയതായി കണക്കാക്കി ടിയാൻ സീനിയർ ക്ലാർക്ക് /എസ്.വി.ഒ. തസ്തികയിൽ ഒരു വർഷം സേവനം പൂർത്തിയാക്കിയതിന്റെ അടുത്ത ദിവസമായ 20-02-08 മുതൽ 03-03-08 വരെ നിരീക്ഷണകാലം ദീർഘിപ്പിച്ചും KS & SSR പാർട്ട് രണ്ട് ചട്ടം 20 പ്രകാരം 02-03-18 പ്രാബല്യത്തിൽ ശ്രീ. ടി.ഡി. കണ്ണപ്പന്റെ സീനിയർ ക്ലാർക്ക് /എസ്.വി.ഒ. തസ്തികയിലെ നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയായതായി പ്രഖ്യാപിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. ടി.ഡി. കണ്ണപ്പന്റെ സേവന പുസ്തകത്തിൽ ടിയാന്റെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച വിവരം രേഖപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
കമ്മീഷണർ

കക്ഷിയ്ക്ക് (ജില്ലാ കളക്ടർ മുഖേന).

പകർപ്പ് :-

1) ജില്ലാ കളക്ടർ, എറണാകുളം (സേവന പുസ്തകം സഹിതം)
2) കമ്മീഷണർ/ജോയിന്റ് കമ്മീഷണർമാരുടെ സി.എ. മാർക്ക്
3) അസിസ്റ്റന്റ് കമ്മീഷണർ സീനിയോറിറ്റി സെൽ, (ആർ.ഇ.)
4) എൽ.ആർ. ഇ.-7 സീറ്റ്.
5) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം

സീനിയർ സൂപ്രണ്ട്

റ്റി 2- 18/9/2018

1552514

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)

(ഹാജർ എ.റ്റി. ജെയിംസ്, ഐ.എ.എസ്.)

നം. എൽ.ആർ. ഇ 4 - 38565/18 തീയതി 17-09-2018

വിഷയം : ജീവനക്കാര്യം - ശ്രീമതി. അംബിക. എ. കെ., സീനിയർ ക്ലാർക്കിന്റെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച് - ഉത്തരവാകുന്നു.

പരാമർശം : 1. എറണാകുളം ജില്ലാ കളക്ടറുടെ 02-08-2018 ലെ DCEKM/9620/18/ഇ 6 നമ്പർ പ്രൊപ്പോസൽ.

2. ഈ കാര്യാലയത്തിലെ 03-02-2007 - ലെ എൽ.ആർ. ഇ 4 - 4444/07-ാം നമ്പർ നടപടിക്രമം.

3. ഗവൺമെന്റ് കത്ത് നമ്പർ 33532/റ്റി3/12/ആർ.ഡി. തീയതി 18-06-2012.

എറണാകുളം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിലെ സീനിയർ ക്ലാർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീമതി. അംബിക. എ. കെ. ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടെന്നും ടിയാളുടെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിക്കണമെന്ന് ശിപാർശ ചെയ്ത് ആവശ്യമായ വിവരങ്ങൾ നിശ്ചിത മാതൃകയിൽ തയ്യാറാക്കി പരാമർശം ഒന്ന് പ്രകാരം എറണാകുളം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്.

ഈ കാര്യാലയത്തിലെ പരാമർശം രണ്ട് പ്രകാരമുള്ള നടപടിക്രമം അനുസരിച്ച് ശ്രീമതി. അംബിക. എ. കെ.-യെ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി സീനിയർ ക്ലാർക്കായി നിയമിച്ച് ഉത്തരവായിട്ടുള്ളതനുസരിച്ച് ടിയാൾ 19-02-2007 -ൽ പൂർവ്വാഹ്നത്തിൽ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്. പ്രവേശന തസ്തികകൾ അല്ലാത്ത തസ്തികകളിൽ തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിലെ ഒരു വർഷം ആണ് നിരീക്ഷണകാലം. അത് പ്രകാരം 19-02-2007-ൽ ആരംഭിക്കുന്ന നിരീക്ഷണ കാലം 18-02-2008 - വരെയാണ് ടി

കാലയളവിൽ അവധി ആനുകൂല്യങ്ങൾ ഒന്നും ടിയാൾ വിനിയോഗിച്ചിട്ടില്ല. നിരീക്ഷണ കാലയളവിനുള്ളിൽ ടിയാൾ പാസ്സാകേണ്ട ചെയിൻ സർവ്വെ പരീക്ഷ 01-01-2008-ൽ പാസ്സായിട്ടുള്ളതായി സർവ്വെ ഡയറക്ടർ 07-04-2008-ൽ പ്രസിദ്ധീകരിച്ച പരീക്ഷാ ഫലം പരിശോധിച്ചതിൽ കാണുന്നു.

ശ്രീമതി. അംബിക എ കെ സമയ ബന്ധിതമായി ടെസ്റ്റ് യോഗ്യത നേടുകയും നിരീക്ഷണകാലയളവ് തൃപ്തികരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതിനാൽ കെ.എസ്. & എസ്.എസ്. ആർ. പാർട്ട് -II ചട്ടം 20 പ്രകാരം 19-02-2008 പ്രാബല്യത്തിൽ ടിയാളുടെ സീനിയർ ക്ലാർക്ക്/ എസ്.വി.ഒ. തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

എറണാകുളം ജില്ലാ കളക്ടർ, ശ്രീമതി. അംബിക. എ. കെ. -യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തിയായതായി പ്രഖ്യാപിച്ച വിവരം ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)

കമ്മീഷണർ

കക്ഷിയ്ക്ക് (ജില്ലാ കളക്ടർ മുഖേന)

പകർപ്പ് -

1. ജില്ലാ കളക്ടർ, എറണാകുളം (സർവ്വീസ് പുസ്തകം സഹിതം)
2. കമ്മീഷണർ/ജോയിന്റ് കമ്മീഷണർ-മാരുടെ സി.എ.-മാർക്ക്
3. അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ) / (സീനിയോരിറ്റി സെൽ)
4. എൽ.ആർ. ഇ 7 സീറ്റ്.
5. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്